(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.31-ന് നിർത്തിവച്ച സഭ 11.05-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു.)

ശ്രീ. കെ. എം. മാണി: സർ, ബഡ്ജറ്റിന്റെ പ്രസക്തി നഷ്ടപ്പെട്ടു എന്നുള്ള ഞങ്ങളുടെ നിലപാടിന്റെ അടിസ്ഥാനത്തിൽ പൊതു ചർച്ചയിൽ ഇരിക്കുന്നത് ശരിയല്ല എന്നുള്ള മനസ്സാക്ഷിയുടെ പ്രേരണയുടെ അടിസ്ഥാനത്തിൽ, പൊതു ചർച്ചയ്ക്ക് മാത്രം ഞങ്ങൾ ഇരിക്കുന്നില്ല. ബാക്കിയുള്ള കാര്യങ്ങളിൽ ഞങ്ങൾ പങ്കെടുക്കുന്നതാണ്.

മി. സ്പീക്കർ: സഭാനടപടികൾ നിർത്തിവെച്ച് കക്ഷി നേതാക്കളുടെ യോഗം ഇപ്പോൾ ചേർന്നിരുന്നു. അതിന്റെയടിസ്ഥാനത്തിൽ മുഖ്യമന്ത്രി സഭയിൽ ഒരു വിശദീകരണം നൽകുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ എല്ലാ കാര്യങ്ങളും നേരത്തെ ചർച്ച ചെയ്തതാണ്. ഇതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ പരിശോധന നടക്കുകയും ആ പരിശോധനയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടിന്റെ ഒരു ഭാഗം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആ പരിശോധന പൂർണ്ണമായിട്ടില്ല. പരിശോധനയുടെ പൂർണ്ണമായ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ

ആ റിപ്പോർട്ടിൽ ഗൗരവമായ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ അത് ക്യാബിനറ്റിന്റെ മുൻപിൽ അവതരിപ്പിക്കുന്നതും, റിപ്പോർട്ടിന്റെ ഗൗരവത്തിനനുസരിച്ചുള്ള യുക്തമായ നടപടികളിലേയ്ക്ക് ക്യാബിനറ്റ് നീങ്ങുന്നതുമായിരിക്കും. അത്തരത്തിൽ ഒരു നിലപാട് നമുക്ക് സ്വീകരിക്കാവുന്നതാണ്. അതിന്റെയടിസ്ഥാനത്തിൽ ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട വിശദാംശങ്ങളുടെ കാര്യങ്ങളിലേയ്ക്ക് പോകാൻ, ചർച്ചയിൽ പങ്കെടുക്കാൻ പ്രതിപക്ഷവും തയ്യാറാകണം എന്നാണ് പൊതുവെ അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന്റെ ഗൗരവം ഉൾക്കൊണ്ടിട്ടുണ്ട് എന്നു ഞാൻ കരുതുന്നു. കാരണം കേരളത്തിന്റെ ചരിത്രത്തിലോ, ഇന്ത്യയിലെ ചരിത്രത്തിലോ ഉണ്ടാകാത്ത ഒരു സംഭവമാണ് ഉണ്ടായിട്ടുള്ളത്. പ്രത്യേകിച്ച് ഒരു ദിനപത്രത്തിൽ അതിന്റെ വാർത്തകൂടി വരുമ്പോൾ ഗൗരവം വർദ്ധിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും ശരി, ഇത്തരമൊരു സംഭവം കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്. അതുകൂടി കണക്കിലെടുത്തുകൊണ്ടാണ് പ്രതിപക്ഷം ഈ

കാര്യങ്ങൾ ഉന്നയിച്ചത്. അല്ലാതെ സഭാനടപടികൾ അനാവശ്യമായി തടസ്സപ്പെടുത്താനോ മറ്റു കാര്യങ്ങൾക്കോ അല്ല. ഇത്തരം കാര്യങ്ങൾ നാളെ ഒരു കീഴ്വഴക്കമായി വരാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചീഫ് സെക്രട്ടറിയുടെ ഒരു ഇന്ററിം റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്, വിശദമായ റിപ്പോർട്ട് ഇനി ലഭിക്കാൻ ഇരിക്കുന്നതേയുള്ളൂ എന്ന് ഇവിടെ സൂചിപ്പിച്ചു. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഇത് സംബന്ധിച്ച് വളരെ വിശദമായ കത്ത് നൽകുന്നതാണ്. ഏതായാലും ചീഫ് സെക്രട്ടറി വിശദമായ ഒരു പരിശോധന നടത്തി, റിപ്പോർട്ട് മന്ത്രിസഭാ യോഗത്തിൽ വയ്ക്കാമെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. യുക്തമായ നടപടികൾ അതിനനുസരിച്ച് എടുക്കാമെന്ന് പറഞ്ഞത് തീർച്ചയായിട്ടും നല്ലകാര്യമാണ്. പ്രത്യേകിച്ച് ഇന്നത്തെ സാഹചര്യത്തിൽ, ആളുകൾ വിലക്കയറ്റം കൊണ്ട് പ്രയാസപ്പെടുന്നു, അരി കിട്ടാനില്ലാത്ത അവസ്ഥ, അതോടൊപ്പം തന്നെ വരൾച്ചകൊണ്ട് പ്രയാസപ്പെടുന്ന തുടങ്ങിയ ജനകീയ പ്രശ്നങ്ങൾ ധാരാളം നില നിൽക്കുന്ന സാഹചര്യത്തിൽ സഭാനടപടികളിൽ നിന്ന് വിട്ടു നിന്നുകൊണ്ട് അത്തരം പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നത് ശരിയല്ല എന്ന വിവേകം ഞങ്ങൾക്ക് ഉണ്ട്. അതുകൊണ്ട് സഭാനടപടികളുമായി സഹകരിക്കാനാണ്

ഞങ്ങളുടെ തീരുമാനം. അതേസമയം നിയമപരമായ നടപടികളുമായിട്ടുതന്നെ ഞങ്ങൾ മുന്നോട്ടു പോകും, അതുകൂടി അറിയിക്കുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞങ്ങൾ എല്ലാപേരും കൂട്ടായി എടുത്ത നിലപാടാണ്, അതിന് വ്യത്യാസമായി ഒന്നും പറയുന്നില്ല. പക്ഷേ പ്രശ്നം വളരെ ഗൗരവമായിട്ടുള്ളതാണ്, അതിന്റെ ഗൗരവം കുറച്ചു കാണാൻ കഴിയില്ല. പ്രതിപക്ഷത്തിന് ആ തോന്നൽ നല്ലതുപോലെ ഉണ്ട്. സാധാരണഗതിയിലാണെങ്കിൽ വലിയ ഇഷ്യൂ ആയി ഡെവലപ് ചെയ്ത് പോകേണ്ട ഒരു സാഹചര്യമാണ് ഉള്ളത്. പക്ഷേ ഇന്നു നാട്ടിൽ നിൽക്കുന്ന സ്ഥിതിവച്ച് ജനകീയ പ്രശ്നങ്ങൾ സഭ ചർച്ചചെയ്യണമെന്നുള്ള ഞങ്ങളുടെ ഒരു വിശാലമായ കാഴ്ചപ്പാടിൽ, അത് ജനങ്ങളോടുള്ള ഏറ്റവും വലിയ കാര്യമാണ്, എന്ത് പ്രശ്നത്തിന്റെ പേരിൽ ആയാലും, ഇപ്പോഴത്തെ വരൾച്ച, അരിപ്രശ്നം, കേന്ദ്രഗവൺമെന്റിന്റെ നിസ്സഹകരണം, ഇത് എല്ലാംകൂടി നോക്കുമ്പോൾ നാട്ടിൽ വല്ലാത്ത ഒരു സ്ഥിതിയാണുള്ളത്. ഇപ്പോൾ കുടിവെള്ളത്തിന്റെ സ്ഥിതിയും രൂക്ഷമായിരിക്കുകയാണ്. ഈ പ്രശ്നം വളരെ ഗൗരവമായ സംഗതിയായി ഞങ്ങൾ കാണുന്നുണ്ട്, അതുകൊണ്ടാണ് ചർച്ചവേണമെന്നുള്ള ഒരു നിലപാട് ഞങ്ങളും എടുത്തത്. പക്ഷെ പ്രശ്നത്തിന്റെ ഗൗരവം

ചെറുതാകുന്നില്ല എന്നും ഞങ്ങൾ പറയുകയാണ്.

മി.സ്പീക്കർ: സഭാനടപടികൾ അല്പനേരം തടസ്സപ്പെട്ടതിന്റെ പേരിൽ സാമാജികരുടെ സഭയിൽ അവതരിപ്പിക്കാനുള്ള അവകാശങ്ങൾക്ക് തടസ്സമുണ്ടാകരുതെന്ന് പൊതുവെ ധാരണയുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ശ്രദ്ധക്ഷണിക്കലും, സബ്മിഷനും വീണ്ടും അവതരിപ്പിക്കുവാൻ അനുവാദം നൽകുന്നത്. വളരെ ചുരുങ്ങിയ സമയം കൊണ്ട് വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അത് അവതരിപ്പിച്ച് സഹകരിക്കണം.